# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയ 44,409/- (നാല്പത്തി നാലായിരത്തി നാനൂറ്റി ഒൻപത് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 1986/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.16/09/2019.

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2016 ലെ എ 7-3313/15 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 17.12.2016 ലെ എം3-38756/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 18.06.2018 ലെ കെ.എസ്.എ.13307/പി.റ്റി.2/17 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ 2003-04 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9 പ്രകാരം 44,409/- (നാല്പത്തി നാലായിരത്തി നാനൂറ്റി ഒൻപത് രൂപ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. കോട്ടായി ഗ്രാമപഞ്ചായത്തിലെ 'ചേരുംകാട് പരുത്തിപ്പുള്ളി റോഡ് ഫോർമേഷൻ ആന്റ് മെറ്റലിംഗ്' എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ നിന്നും സാരമായ വ്യതിയാനം വരുത്തി പ്രവൃത്തി ചെയ്തതിനാലാണ് 44,409/- രൂപ തടസ്സപ്പെടുത്തിയത്. തടസ്സപ്പെടുത്തലിനെ തുടർന്ന് ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം(1)ൽ സൂചിപ്പിച്ചിട്ടുള്ളതനുസരിച്ച് കോട്ടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ സാധൂകരണ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം അനുകൂല ശിപാർശയോടെ സർക്കാരിൽ സമർപ്പിച്ചിരുന്നു. ശേഷം മേൽ വിവരിച്ചതിൻ പ്രകാരം ലഭിച്ച സാധൂകരണ അപേക്ഷ സർക്കാർ സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് അടിയന്തര റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും ഓഡിറ്റ് ഡയറക്ടർ പരാമർശം(3) പ്രകാരം സാധൂകരണം സംബന്ധിച്ച കാര്യത്തിൽ അഭിപ്രായം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, പാവപ്പെട്ടവരും കർഷക തൊഴിലാളികളും ദളിതരുമായ ജനവിഭാഗങ്ങൾ വസിക്കുന്ന പ്രദേശത്തെ ഗതാഗത സൗകര്യമില്ലായ്മ കണക്കിലെടുത്താണ് പദ്ധതി നടപ്പിലാക്കിയതെന്നും റോഡ് ഒരു വിധ കേടുപാടും കൂടാതെ സഞ്ചാരയോഗ്യമായി ഇപ്പോഴും ആസ്തിയായി അവശേഷിക്കുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2016 ലെ 8(4)-ാം നമ്പർ തീരുമാനം, പാലക്കാട് ജില്ലാതല

ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 25.08.2016 ലെ 2-ാം നമ്പർ തീരുമാനം എന്നിവയിലെ സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കാനുള്ള ശിപാർശ പരിഗണിച്ചും ഭാവിയിൽ അത്യാവശ്യഘട്ടങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ വരുന്ന വ്യതിയാനങ്ങളും, എക്സ്ട്രാ ഇനം പ്രവൃത്തികളും, ചെയ്യേണ്ടി വരുന്ന പക്ഷം അതനുസരിച്ച് യഥാസമയം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി അനുയോജ്യമായ അധികാരസ്ഥാനത്തു നിന്നും പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഖണ്ഡിക 3.9 ന് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1),(2) എന്നിവ കണക്കിലെടുത്തും, ഖണ്ഡിക 3.9 ന് സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്ന ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചും, ഭാവിയിൽ അത്യാവശ്യഘട്ടങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ വരുന്ന വ്യതിയാനങ്ങളും എക്സ്ട്രാ ഇനം പ്രവൃത്തികളും ചെയ്യേണ്ടിവരുന്ന പക്ഷം അതനുസരിച്ച് യഥാസമയം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി അനുയോജ്യമായ അധികാരസ്ഥാനത്തുനിന്നും പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥയോടെ പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9 പ്രകാരമുള്ള 44,409/- (നാല്പത്തി നാലായിരത്തി നാനൂറ്റി ഒൻപത് രൂപ മാത്രം) രൂപയുടെ തടസ്സപ്പെടുത്തലിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**